ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 01.12.2024**

## പ്രധാനവാർത്തകൾ

1. **ഒഡീഷയിൽ നടക്കുന്ന സംസ്ഥാന ഡിജിപി മാരുടെയും ഐജിമാരുടേയും സമ്മേളനം ഇന്ന് സമാപിക്കും; പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നും പങ്കെടുക്കും.**
2. **എച്ച്.ഐ.വി. അണുബാധ ഇല്ലാതാക്കാൻ 'ഒന്നായ് പൂജ്യത്തിലേയ്ക്ക്' എന്ന ക്യാമ്പയിനിലൂടെ സമഗ്രമായ ഇടപെടലുകളാണ് സർക്കാർ നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
3. **അർഹതയില്ലാതെ സാമൂഹിക ക്ഷേമപെൻഷൻ കൈപ്പറ്റിയവരുടെ വിവരങ്ങൾ സർക്കാർ പുറത്ത് വിടുമെന്ന് മന്ത്രി കെ രാജൻ.**
4. **റെയ്ഡ്കോ ഭക്ഷ്യോത്പന്നങ്ങളുടെ വിദേശ കയറ്റുമതി ഇന്ന് ആരംഭിക്കും. കണ്ണൂരിൽ മന്ത്രി പി രാജീവ് ഉദ്ഘാടനം നിർവഹിക്കും.**
5. **ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഒഡീഷ എഫ്സി ബെംഗളൂരു എഫ്സിയെ നേരിടും. ഒഡീഷയിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.**

&&&&&&&&&&&&&&&&&&&

PNUTVPM

## അഖിലേന്ത്യ പോലീസ് സമ്മേളനം

ഒഡീഷയിൽ നടക്കുന്ന വാർഷിക അഖിലേന്ത്യ പോലീസ് സമ്മേളത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നും പങ്കെടുക്കും. തുടർച്ചയായ രണ്ടാം ദിവസമാണ് പ്രധാനമന്ത്രി പോലീസ് മേധാവികളുടേയും ഇൻസ്പെക്ടർ ജനറൽമാരുടേയും സമ്മേളനത്തിൽ പങ്കെടുക്കുന്നത്. സമ്മേളനം ഇന്ന് സമാപിക്കും. ആഭ്യന്തരമന്ത്രി അമിത്ഷാ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ എന്നിവരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. രാജ്യത്തിൻറെ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ആശയവിനിമയംനടക്കും.

&&&&&&&&&&&&&&&&&&&

## ഫെൻജൻ ചുഴലിക്കാറ്റ്

ഫെൻജൻ ചുഴലിക്കാറ്റ് തമിഴ്നാട്, പുതുച്ചേരി തീരത്ത് കാരൈക്കലിനും മഹാബലിപുരത്തിനുമിടയിൽ തീരം തൊട്ടു. മണിക്കൂറിൽ 70 മുതൽ 80 കിലോമീറ്റർ വേഗതയിൽ വീശിയ കാറ്റ് ചില ഘട്ടങ്ങളിൽ 90 കിലോമീറ്റർ വേഗത കൈവരിച്ചു. ചുഴലിക്കാറ്റ് തെക്ക് പടിഞ്ഞാറൻ ഭാഗത്തേക്ക് സഞ്ചരിച്ച് ദുർബലമാകുമെന്നും കാലാവസ്ഥാ കേന്ദ്രം അറിയിച്ചു. വടക്കൻ തമിഴ്നാട്ടിലും പുതുച്ചേരിയിലും കനത്ത മഴ പെയ്തു. അടച്ചിട്ട ചെന്നൈ വിമാനത്താവളം തുറന്നു പ്രവർത്തനമാരംഭിച്ചു. ബസ് സർവീസുകളും പുനരാരംഭിച്ചു. ട്രാക്കിലെ വെള്ളം മാറ്റിയ ശേഷം ട്രെയിൻ സർവീസ് പുനരാരംഭിക്കും. ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ വൈദ്യുതാഘാതമേറ്റ് മൂന്ന് പേർ മരിച്ചു.

&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി

എച്ച്.ഐ.വി. അണുബാധ ഇല്ലാതാക്കാൻ 'ഒന്നായ് പൂജ്യത്തിലേയ്ക്ക്' എന്ന ക്യാമ്പയിനിലൂടെ സമഗ്രമായ ഇടപെടലുകളാണ് സർക്കാർ നടത്തുന്നതെന്ന് മുഖ്യമന്ത്രി

RNU TVPM

പിണറായി വിജയൻ. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസരിച്ച് 2030 ഓടെ പുതിയ എച്ച്.ഐ.വി. അണുബാധ ഇല്ലാതെയാകുന്ന സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. എന്നാൽ കേരളം ഈ ലക്ഷ്യം വളരെ നേരത്തെ തന്നെ കൈവരിക്കാൻ പോവുകയാണെന്നും മുഖ്യമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. എച്ച്.ഐ.വി ബാധിതരുടെ സാന്ദ്രത കുറഞ്ഞ സംസ്ഥാനമാണെങ്കിലും കേരളത്തിൽ എച്ച്.ഐ.വി അണുബാധയ്ക്കുള്ള സാധ്യത വളരെ കൂടുതലാണ്. പ്രതിരോധ പ്രവർത്തനങ്ങളിലൂടെയും ബോധവൽക്കരണ പദ്ധതികളിലൂടെയും ഒത്തൊരുമിച്ചു എച്ചഐവി രോഗബാധയെ ചെറുക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു

&&&&&&&&&&&&&&&&&&&

## <u>കെ രാജൻ (ഇൻട്രോ)</u>

അർഹതയില്ലാതെ സാമൂഹിക ക്ഷേമപെൻഷൻ കൈപ്പറ്റിയവരുടെ വിവരങ്ങൾ സർക്കാർ പുറത്ത് വിടുമെന്ന് റവന്യൂ മന്ത്രി കെ രാജൻ. 1438 പേർ കൈപ്പറ്റിയതായാണ് ധനകാര്യ വകുപ്പ് അറിയിച്ചത്. അവർക്കെല്ലാം വകുപ്പ് നോട്ടീസ് അയച്ചു. വിശദമായി പരിശോധിച്ച ശേഷം ഇവരുടെ വിവരങ്ങൾ പുറത്തുവിടും. പണം തിരിച്ചു വാങ്ങുന്നത് കൂടാതെ ഇവർക്കെതിരെ കർശന നടപടിയെടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

RIU TVPM

&&&&&&&&&&&&&&&&&&&

## <u>റെയ്ഡ്കോ - പി രാജീവ്</u>

റെയ്ഡ്കോ ഭക്ഷ്യോത്പന്നങ്ങളുടെ വിദേശ കയറ്റുമതി ഇന്ന് ആരംഭിക്കും. ഉച്ചയ്ക്ക് രണ്ട് മണിക്ക് കണ്ണൂരിൽ നടക്കുന്ന പരിപാടി മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. ആദ്യഘട്ടത്തിൽ യു എ ഇയിലേക്കും തുടർന്ന് ഖത്തർ, സൗദി അറേബ്യ, ഒമാൻ, ബഹറൈൻ തുടങ്ങിയ രാജ്യങ്ങളിലേക്കുമാണ് കയറ്റുമതി ചെയ്യുക.

&&&&&&&&&&&&&&&&&&&

## വീണാജോർജ്

സംസ്ഥാനത്ത് മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അവയവദാന സന്ദേശം പ്രചരിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ മൃതസഞ്ജീവനിയുടെ 'ജീവനേകാം ജീവനാകാം' സാമൂഹിക മാധ്യമ പ്രചാരണ പരിപാടി ഇന്ന് ആരംഭിക്കും. എറണാകുളം ജനറൽ ആശുപത്രിയിൽ ആരോഗ്യ മന്ത്രി വീണാജോർജ് പ്രചാരണ പരിപാടി ഉദ്ഘാടനം ചെയ്യും. ജനറൽ ആശുപത്രിയിലെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. 'ജീവനേകാം ജീവനാകാം' എന്ന സന്ദേശം ഉൾപ്പെടുത്തിയ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ചാണു പരിപാടി ഉദ്ഘാടനം ചെയ്യുക. അവയവദാനത്തിന്റെ മഹത്വം എല്ലാവരിലേക്കും എത്തിക്കുക, ഈരംഗത്തു നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകളെ തുറന്നു കാട്ടുക, വിദഗ്ധരുടെ അഭിപ്രായങ്ങളും സന്ദേശങ്ങളും എല്ലാവരിലും എത്തിക്കുക, പൊതുജനങ്ങളെ അവയവദാനത്തിനു സന്നദ്ധരാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പ്രചാരണം സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&&

## ശബരിമല

ശബരിമല സന്നിധാനത്ത് ഇന്നു രാവിലെ മുതൽ ശക്തമായ മഴയാണ് ലഭിക്കുന്നത്. പമ്പയിൽ നിന്നും സന്നിധാനത്തേക്കുള്ള മല കയറ്റത്തെ ഇത് കാര്യമായി ബാധിക്കുന്നുണ്ട്. മഴ ശക്തമായതോടെ പമ്പയിൽ നിന്നും അപ്പാച്ചി മേടുവഴിയാണ് തീർഥാടകരെ കയറ്റി വിടുന്നത്. പമ്പാ നദിയിൽ നിരീക്ഷണവും ശക്തമാക്കി. ഇന്ന് നട തുറന്നത് മുതൽ രാവിലെ 10 മണി വരെ 28773 തീർഥാടകരാണ് ശബരിമലയിൽ ദർശനം നടത്തിയത്. തത്സമയ ബുക്കിംഗിലൂടെ 5881പേരും ദർശനം നടത്തി.

&&&&&&&&&&&&&&&&&&&

RNI TVPM

## പത്തനംതിട്ട അപകടം

പത്തനംതിട്ട ചാലാപ്പള്ളിയിൽ കാർ തോട്ടിലേക്ക് മറിഞ്ഞു. അപകടത്തിൽ മൂന്നു പേർക്ക് പരിക്കേറ്റു. മൂന്നാറിൽ പോയി മടങ്ങിവന്നവരാണ് അപകടത്തിൽപ്പെട്ടത്. പുലർച്ചെ യാണ് അപകടമുണ്ടായത്. പരിക്കേറ്റവരെ കോഴഞ്ചേരിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരുടേയും പരിക്ക് ഗുരുതരമല്ലെന്നാണ് വിവരം.

&&&&&&&&&&&&&&&&&&&

## ടെക്നിക്കൽ സ്കൂൾ കായിക മേള

പാലായിൽ നടക്കുന്ന സംസ്ഥാന ടെക്നിക്കൽ സ്കൂൾ കായിക മേളയിൽ സുൽത്താൻ ബത്തേരി ഗവൺമെന്റ് ടി എച്ച് എസ് മുന്നിൽ. 19 സ്കൂൾ ടീമുകൾ പങ്കെടുക്കുന്ന മേളയിൽ 46 ഇനങ്ങളിൽ മൽസരം പൂർത്തീകരിച്ചപ്പോൾ 19 പോയിന്റ് നേടിയാണ് സുൽത്താൻബത്തേരി ടെക്നിക്കൽ സ്കൂളിൻറെ മുന്നേറ്റം. പാലക്കാട് ചിറ്റൂർ ഗവൺമെന്റ് ടി എച്ച് എസാണ് രണ്ടാമത്. മേള ഇന്ന് സമാപിക്കും.

RNU TVPM

&&&&&&&&&&&&&&&&&&&

## ഒ പി ടിക്കറ്റ് (ഇൻട്രോ)

കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒ പി ടിക്കറ്റിന് 10 രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നത് പ്രാബല്യത്തിൽ. മെഡിക്കൽ കോളേജ് ആശുപത്രി, ഐഎംസിഎച്ച്, ഡെൻറൽ കോളേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസസ് എന്നിവിടങ്ങളിൽ ഒ പി ടിക്കറ്റ് നിരക്ക് ബാധകമാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.**

**(വോയ്സ്)**

&&&&&&&&&&&&&&&&&&&

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഒഡീഷ എഫ്സി ബെംഗളൂരു എഫ്സിയെ നേരിടും. രാത്രി 7.30 ന് ഒഡീഷയിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&&

## സയദ്മോദി അന്താരാഷ്ട്ര ബാഡ്മിൻറൺ

ഉത്തർപ്രദേശിലെ ലക്നൗവിൽ നടക്കുന്ന സയദ്മോദി അന്താരാഷ്ട്ര ബാഡ്മിൻറൺ ടൂർണമെൻറിൻറെ ഫൈനലിൽ ഇന്ത്യയുടെ പി.വി.സിന്ധുവും ലക്ഷ്യസെന്നും ഇന്നിറങ്ങും. ചൈനയുടെ വു ലുവോയു ആണ് സിന്ധുവിൻറെ എതിരാളി. പുരുഷ സിംഗിൾസ് ഫൈനലിൽ സിംഗപ്പൂരിൻറെ ജിയ ഹെങ് ജസൻ തെ ആണ് ലക്ഷ്യസെന്നിൻറെ എതിരാളി.

&&&&&&&&&&&&&&&&&&&

## തീപിടിത്തം

എറണാകുളം സൗത്ത് റെയിൽവേ മേൽപാലത്തിന് സമീപം ആക്രി ഗോഡൗണിലും നെടുമ്പാശേരി വിമാനത്താവളത്തിന് സമീപത്തെ ഹോട്ടലിലുമുണ്ടായ തീപിടിത്തങ്ങൾ നിയന്ത്രണവിധേയമാക്കി. അർധരാത്രിയോടെയായിരുന്നു രണ്ടിടങ്ങളിലും തീപിടിത്തമുണ്ടായത്. പാചക വാതക സിലണ്ടറുകൾ പൊട്ടിത്തെറിച്ചാണ് ആക്രി ഗോഡൗണിൽ തീപിടിത്തമുണ്ടായത്. തീപിടിത്തത്തിൽ ഗോഡൗൺ പൂർണമായി കത്തിനശിച്ചു. ഗോഡൗണിലുണ്ടായിരുന്ന തൊഴിലാളികളെ അഗ്നിശമനസേന രക്ഷപ്പെടുത്തി. അതേസമയം നെടുമ്പാശേരി വിമാനത്താവളത്തിന് സമീപത്തെ ആപ്പിൾ റസിഡൻസിയിലുണ്ടായ അഗ്നിബാധയിൽ ഹോട്ടലിൻറെ കാർ പാർക്കിംഗ് ഏരിയയിലുണ്ടായിരുന്ന കാറുകളും ബൈക്കുകളുമുൾപ്പെടെ കത്തി നശിച്ചു. ആളപായമില്ല.

&&&&&&&&&&&&&&&&&&&

## ജി ആർ അനിൽ

സംസ്ഥാനത്ത് ഈ മാസത്തെ റേഷൻ വിതരണം മറ്റന്നാൾ വരെ നീട്ടിയതാ യി മന്ത്രി G.R അനിൽ. ബുധനാ ഴ്ച മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് വ്യാപാ രി കൾക്ക് അവധി ആയിരിക്കു മെന്നും വ്യാഴാഴ്ച മുതൽ ഡിസംബർ മാസത്തെ റേഷൻ വിതരണം ആരംഭിക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

PIU TVPM

&&&&&&&&&&&&&&&&&&&&

## കേരള കലാമണ്ഡലം പിരിച്ചു വിടൽ

സാമ്പത്തിക പ്രതിസന്ധി മൂലം കേരള കലാമണ്ഡലം താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടു. അധ്യാപകർ മുതൽ സുരക്ഷാ ജീവനക്കാർ വരെയുള്ള 120ഓളം താൽക്കാലിക ജീവനക്കാരെയാണ് പിരിച്ചുവിട്ടത്. ഡിസംബർ ഒന്നാം തീയതി മുതൽ ഈ ജീവനക്കാർ ജോലിക്ക് വരേണ്ടതില്ല എന്ന് കേരള കലാമണ്ഡലം വൈസ് ചാൻസലർ കഴിഞ്ഞ ദിവസം ഉത്തരവിറക്കി.

&&&&&&&&&&&&&&&&&&&&

## പൊൻകുന്നം ഡിപ്പോയിൽ വിനോദയാത്ര

കോട്ടയം പൊൻകുന്നം കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ ബഡ്ജറ്റ് ടൂറിസം പദ്ധതിയുടെ ഭാഗമായി ഈ മാസം അഞ്ച് സ്ഥലങ്ങളിലേക്ക് വിനോദയാത്ര സംഘടിപ്പിക്കുന്നു. ഇന്ന് ചതുരംഗപ്പാറ യാത്ര. എട്ടാം തീയതി മലക്കപ്പാറ യാത്രയ്ക്ക് 920 രൂപയാണ് ടിക്കറ്റ് നിരക്ക്. 14ന് കുളത്തൂപ്പുഴ, ആര്യങ്കാവ്, അച്ചൻകോവിൽ, പന്തളം വലിയകോയിക്കൽ ക്ഷേത്രം എന്നിവിടങ്ങളിലേക്കാണ് തീർത്ഥ യാത്ര. ടിക്കറ്റ് നിരക്ക് 830 രൂപ. 23ന് അറബിക്കടലിൽ ആഡംബര ക്രൂയിസ് നെഫർറ്റിറ്റിയിലെ ഉല്ലാസയാത്രയ്ക്കുക് 3560 രൂപയാണ് നിരക്ക്. 28ന് അടവി, ഗവി, പരുന്തുംപാറ യാത്രയ്ക്ക് 1600 രൂപയാണ് സീറ്റൊന്നിന് നിരക്ക്.

RNU TVPM

&&&&&&&&&&&&&&&&&&&&

## പാലക്കാട് പട്ടയം

പാലക്കാട് മംഗലം ഡാം ഇറിഗേഷൻ പരിസരത്ത് സ്ഥിരതാമസമാക്കിയ കൂലിത്തൊഴിലാളികൾക്ക് പട്ടയം നൽകണമെന്ന് ആവശ്യം. ജില്ലാ വികസന സമിതി യോഗം പ്രമേയത്തിലൂടെ ആവശ്യം ഉന്നയിച്ചു. അറുപത് വർഷങ്ങൾക്ക് മുൻപ് ഡാം ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കു വന്ന് ഇവിടെ സ്ഥിര

താമസമാക്കിയവർക്ക് പട്ടയം ലഭിച്ചിട്ടില്ലെന്നും പ്രമേയത്തിൽ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&&

## ഓൾഡ് കോട്ടയം ഹെറിറ്റേജ് സൈക്കിൾ റൈഡ്

പഴയ കോട്ടയം പട്ടണത്തിന്റെ പൈതൃക വിശേഷങ്ങൾ കണ്ടും കേട്ടുമറിയാൻ സൈക്കിൾ സവാരി സംഘടിപ്പിക്കുന്നു. കോട്ടയത്തെ സൈക്കിൾ സഞ്ചാരികളുടെ സംഘടനയായ കോട്ടയം സൈക്ലിംഗ് ക്ലബ്ബും കോട്ടയം നാട്ടുകൂട്ടവും സംയുക്തമായാണ് ഹെറിറ്റേജ് സൈക്കിൾ റൈഡ് നടത്തുന്നത്.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&

RNU TVPM